**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3524** **26-10-2021 - ൽ മറുപടിയ്ക്ക്**

**ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ തുറവൂർ പ്രാദേശിക കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ തുറവൂർ പ്രാദേശിക കേന്ദ്രത്തിലെ എം.എ. മലയാളം കോഴ്സ് നിർത്തലാക്കുന്നതിനായി ശ്രമം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | അപേക്ഷകരുടെ എണ്ണം കുറവായതിനാൽ എം.എ. മലയാളത്തിന് പ്രവേശനം ആദ്യഘട്ടത്തിൽ അനുവദിച്ചില്ലെങ്കിലും പിന്നീട് സിൻഡിക്കേറ്റ് തീരുമാന പ്രകാരം പ്രവേശനം അനുവദിച്ചിട്ടുണ്ട്. |
| (ബി) | ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ ആലപ്പുഴ ജില്ലയിലെ ഏക പ്രാദേശിക കേന്ദ്രമായ തുറവൂർ പ്രാദേശിക കേന്ദ്രത്തിന്റെ പുരോഗതിക്ക് വേണ്ടി സർക്കാർ നടപ്പാക്കിയ പദ്ധതികൾ വിശദമാക്കാമോ; | (ബി) | സംസ്കൃത സർവകലാശാലയുടെ തുറവൂർ പ്രാദേശിക കേന്ദ്രത്തിനായി ചേർത്തല താലൂക്ക് തുറവൂർ തെക്ക് വില്ലേജിലെ 20371, 22228 എന്നീ തണ്ടപ്പേരുകളിൽ പെട്ട ആറ് ഏക്കർ 63.43 സെന്റ് ഭൂമി അനുയോജ്യ മാണെന്ന് സർവകലാശാല കണ്ടെത്തി ഭൂമി ഏറ്റെടുക്കുന്നതിനായി വസ്തുവിന്റെ സ്കെച്ച്, വസ്തുവിവരണം ഉൾക്കൊള്ളുന്ന ഫോറം - 2 രേഖകൾ ആലപ്പുഴ ജില്ലാകളക്ടർക്ക് സമർപ്പിച്ചിട്ടു ള്ളതാണ്. കൂടാതെ സ്ഥലം ഏറ്റെടുക്കുന്നതിന് ആവശ്യമായ ഭരണാനുമതി ഉത്തരവിനായി സർക്കാരിലേക്ക് സമർപ്പിച്ച അപേക്ഷ പരിശോധിച്ചുവരികയാണ്. പ്രസ്തുത നടപടി പൂർത്തിയാകുന്ന മുറക്ക് കെട്ടിട നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത കേന്ദ്രത്തിന് പുതിയ കെട്ടിടം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് കൈക്കൊണ്ട തീരുമാനങ്ങൾ വിശദമാക്കാമോ? | (സി) | സംസ്കൃത സർവകലാശാലയുടെ തുറവൂർ പ്രാദേശിക കേന്ദ്രത്തിനായി ചേർത്തല താലൂക്ക് തുറവൂർ തെക്ക് വില്ലേജിലെ 20371, 22228 എന്നീ തണ്ടപ്പേരുകളിൽ പെട്ട ആറ് ഏക്കർ 63.43 സെന്റ് ഭൂമി അനുയോജ്യ മാണെന്ന് സർവകലാശാല കണ്ടെത്തി ഭൂമി ഏറ്റെടുക്കുന്നതിനായി വസ്തുവിന്റെ സ്കെച്ച്, വസ്തുവിവരണം ഉൾക്കൊള്ളുന്ന ഫോറം - 2 രേഖകൾ ആലപ്പുഴ ജില്ലാകളക്ടർക്ക് സമർപ്പിച്ചിട്ടു ള്ളതാണ്. കൂടാതെ സ്ഥലം ഏറ്റെടുക്കുന്നതിന് ആവശ്യമായ ഭരണാനുമതി ഉത്തരവിനായി സർക്കാരിലേക്ക് സമർപ്പിച്ച അപേക്ഷ പരിശോധിച്ചുവരികയാണ്. പ്രസ്തുത നടപടി പൂർത്തിയാകുന്ന മുറക്ക് കെട്ടിട നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ